(ബി) 12 അപേക്ഷകർ ഉണ്ടായിരുന്നു. ഇവരുടെ ലിസ്റ്റ് അയച്ചു കൊടുത്തിട്ടുണ്ട്. നാഗാലാൻഡ് ഗവണ്മെൻറാണ് തിരഞ്ഞെടുക്കേണ്ടത്. തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുവിവരം ലഭിച്ചിട്ടില്ല.

(സി) കോ-ഓർഡിനേഷൻ ആഫീസർ അറിയിച്ചിട്ടില്ല. പക്ഷേ, ഇൻഡ്യാ ഗവണ്മെൻറ് സംസ്ഥാന ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ട്. ഇതനുസരിച്ച് സർവ്വീസിലുള്ള അപേക്ഷകരുടെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്.

ശ്രീ. കെ. ഹസ്സൻ ഗനി: നാഗാലാൻഡിലേയ്ക്ക് പോകാൻ ഉദ്ദേശിക്കുന്നവരുടെ സർവ്വീസ് കണ്ടിഷൻസിനെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെൻറും നാഗാലാൻഡ് ഗവണ്മെൻറുമായി ഏതെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അങ്ങനെ നടത്തേണ്ട ആവശ്യം വല്ലതുമുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ കത്തിടപാടുകൾ നടത്തേണ്ട ആവശ്യമൊന്നുംതന്നെയില്ല. സേവനവ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് അതു മോഡിഫൈ ചെയ്യുന്നതിനുള്ള നടപടികൾ ഗവണ്മെൻറ് സ്വീകരിച്ചിട്ടില്ല. അതിൻറെ ആവശ്യമുണ്ടെന്നും തോന്നുന്നില്ല.

ടൂറിസം വികസിപ്പിക്കുവാനുള്ള പദ്ധതികൾ.

* 124. [15] ശ്രീ. ഡി. ദാമോദരൻ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശനാണ്യം സമ്പാദിക്കുക്കുക ഒരു വ്യവസായമെന്ന നിലയിൽ ടൂറിസം വികസിപ്പിക്കുവാൻ ഗവണ്മെൻറിനു പ്രത്യേക പദ്ധതികൾ വല്ലതുമുണ്ടോ ;

(ബി) ടൂറിസ്റ്റ് വികസനകാർപ്പൊറേഷൻറെ രൂപീകരണത്തിനു വേണ്ടിയുള്ള പദ്ധതികൾക്ക് ഇതുവരേയും നടപടികൾ എടുക്കാത്തത് എന്തുകൊണ്ടാണ് ;

(സി) ഈ കാർപ്പൊറേഷൻ ഈ വർഷത്തിലെങ്കിലും രൂപീകരിക്കുവാൻ വേണ്ട സത്വരനടപടികൾ കൈക്കൊള്ളുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) വിദേശനാണ്യം സമ്പാദിക്കുവാൻ സാദ്ധ്യതകളുള്ള ഒരു വ്യവസായമായിട്ടുകൂടിയാണ് ടൂറിസ്റ്റ് വികസനപരിപാടികൾ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി, സി) അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിനെത്തുടർന്ന് ഈ കാര്യം നീട്ടിവെച്ചിരിക്കുകയായിരുന്നു. എന്നാൽ ഇപ്പോൾ അതു ഗവണ്മെൻറ് പുനഃപരിശോധനയ്ക്കെടുത്തിട്ടുണ്ട്.

Mr. Speaker ; Question No. 30 may also be answered now along with this question.

ടൂറിസ്റ്റ് വികസന കാർപ്പൊറേഷൻ.

* 125. [30] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യത്തിനു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ ടൂറിസം വികസിപ്പിക്കുന്നതിനും സംഘടിപ്പിക്കുന്നതിനുമായി ഒരു ടൂറിസ്റ്റ് വികസന കാർപ്പൊറേഷൻ സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly